2020 -21 സാമ്പത്തിക വർഷത്തിൽ റവന്യൂ കളക്ഷനിൽ മികച്ച പ്രകടനം കാഴ്ചവച്ച ഡിവിഷനുകൾക്ക് സംസ്ഥാന തലത്തിൽ അംഗീകാരം നൽകുന്നത് സംബന്ധിച്ച് ബഹു അക്കൗണ്ട്സ്മെമ്പറുടെ അധ്യക്ഷതയിൽ 19/04/2021 വൈകുന്നേരം 4 മണിക്ക് കൂടിയ യോഗത്തിന്റെ മിനിറ്റ്സ്

പങ്കെടുത്തവർ

1. ശ്രീ. രാമസുബ്രമണി, IA&AS അക്കൗണ്ട്സ്മെമ്പർ
2. ശ്രീമതി. ലീന കുമാരി, ചീഫ് എൻജിനീയർ
3. ശ്രീ. ഗിരീശൻ ചീഫ് എഞ്ചിനീയർ(i/c)
4. ശ്രീ. ഷിജിത്ത് ഫിനാൻസ് മാനേജർ(i/c)
5. ശ്രീ. സുബാഷ് കുമാർ, അക്കൗണ്ട്സ് ഓഫീസർ

2020 -21 സാമ്പത്തിക വർഷത്തിലെ റവന്യൂ ടാർജറ്റ് 734 കോടി രൂപയാണെന്നും അതിൽ 510.47 കോടി രൂപ കളക്ട് ചെയ്തുവെന്നും അക്കൗണ്ട്സ്മെമ്പർ അറിയിച്ചു. ആകെയുള്ള 29 റവന്യൂ ഡിവിഷനുകളിൽ 100 ശതമാനം നേട്ടം കൈവരിച്ചത് വാട്ടർ സപ്ലൈ കൊച്ചി ഡിവിഷൻ മാത്രമാണ്. 90 ശതമാനത്തിനു മുകളിൽ നേട്ടം കൈവരിച്ചത് മൂന്ന് ഡിവിഷനുകൾ ആണ് PH ഡിവിഷൻ കൊച്ചി, PH ഡിവിഷൻ കോട്ടയം,PH ഡിവിഷൻ കോഴിക്കോട്. 80 ശതമാനത്തിനു മേൽ നേട്ടം കൈവരിച്ചത് 2 ഡിവിഷനുകൾ ആണ് പാലക്കാട്, തളിപ്പറമ്പ്. 28.01.2021ലെ ബോർഡ് തീരുമാനം അനുസരിച്ച് റവന്യൂ കളക്ഷനിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ഡിവിഷനുകൾക്ക് "LETTER OF APPRECIATION & MONITORY INCENTIVE" നൽകണമെന്നും തീരുമാനിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ യോഗം വിശദമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന കാര്യങ്ങൾ ഏകകണ്ഠേന തീരുമാനം കൈക്കൊള്ളുകയും ചെയ്തു:-

1. 100% ടാർഗറ്റ് നേട്ടം കൈവരിച്ച PH കൊച്ചിഡിവിഷന് "LETTER OF APPRECIATION engraved in Memento & 25000 രൂപ ക്യാഷ് അവാർഡും നൽകണമെന്ന് ശുപാർശ ചെയ്തു. ഈ വാട്ടർ സപ്ലൈ ഡിവിഷന് താഴെ 4 സബ് ഡിവിഷനുകളും 9 സെക്ഷനുകളും ഉണ്ട്. ഇവിടെ ഏകദേശം ഇരുന്നൂറോളംസ്ഥിരം ജീവനക്കാരും ഉണ്ട്. ടി തുക ഡിവിഷനു കീഴിലെ ജീവനക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.
2. 90 % ത്തിന് മുകളിൽ നേട്ടം കൈവരിച്ച 3 ഡിവിഷനുകൾക്കും LETTER OF APPRECIATION engraved in Memento നൽകണമെന്ന് ശുപാർശ ചെയ്തു.
3. 100% കളക്ഷൻ നേടിയ സബ് ഡിവിഷനുകൾക്കും "LETTER OF APPRECIATION നൽകേണ്ടതാണ്.
4. സബ് ഡിവിഷനുകളിലെ പരാതി പരിഹാരത്തിന് ഉതകുന്ന ഒരു സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്ത കോഴിക്കോട് സബ് ഡിവിഷനിലെ ശ്രീ. ഷഫീഖിന് "LETTER OF APPRECIATION നൽകണമെന്ന് ശുപാർശ ചെയ്തു
5. കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് വാട്സ് ആപ്പ് വഴിയും എസ്എംഎസ് മുഖേനയും സന്ദേശങ്ങൾ(bulk ) അയയ്ക്കുന്ന സംവിധാനം വികസിപ്പിച്ചെടുത്ത മലപ്പുറം ഡിവിഷനു കീഴിലെ മഞ്ചേരി സബ് ഡിവിഷനിലെ ക്ലർക്ക് ആയ ശ്രീ.ബ്രിജേഷിനും "LETTER OF APPRECIATION നൽകണമെന്ന് ശുപാർശ ചെയ്തു

യോഗം 5.45 ന് അവസാനിച്ചു.